# എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്

കബീർ എം. പറളി

പരീക്ഷണങ്ങൾക്ക് ഭൂമിശാസ്ത്രപരമായ അതിർത്തിഭേദങ്ങളില്ല. അവ മലവെള്ളപ്പാച്ചിലെന്നവണ്ണം മുസ്‌ലിം ഉമ്മത്തിന്റെ പിറകെയാണ്. ആകസ്മികമായി ഉടലെടുക്കുന്നവയുണ്ടതിൽ. ഏറെക്കാലമായി നിരന്തരം ഭീകരത സൃഷ്ടിച്ചു നില്ക്കുന്നവയും അതിലുണ്ട്.

പരീക്ഷണങ്ങളെ നേരിടാതെ മുസ്‌ലിമിന് ജീവിക്കാനാകില്ല. വേദനകളും കഷ്ടപ്പാടുകളും, നശിക്കാനടുക്കുന്നൂ എന്ന സന്നിഗ്ദഘട്ടങ്ങളും തരണം ചെയ്യുമ്പോഴേ ലക്ഷ്യം സഫലമാകൂ. യഥാർത്ഥ ഭക്തിയിൽ നിന്നാണ് അതിന്നുള്ള നെഞ്ചുറപ്പു ലഭിക്കുന്നത്.

ഒരിക്കൽ ഇബ്നു അബ്ബാസ്(റ) പ്രവാചക(സ്വ)നോടൊപ്പം സഞ്ചരിക്കുകയായിരുന്നു. അവിടുന്ന് പറഞ്ഞു: ‘‘മോനെ, നിനക്ക് ഞാൻ കുറച്ച് കാര്യങ്ങൾ പഠിപ്പിക്കുകയാണ്. ശ്രദ്ധിച്ചു കേട്ടോളണം. ഒന്ന്, നീ അല്ലാഹുവിനെ സൂക്ഷിക്കുക, അവൻ നിന്നെ കാത്ത് രക്ഷിക്കുന്നതാണ്. രണ്ട്, നീ അല്ലാഹുവിനെ സൂക്ഷിക്കുക, അവനെ നിനക്ക് നിന്റെ മുന്നിൽ കാണാവുന്നതാണ്. മൂന്ന്, നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവോട് മാത്രം ചോദിക്കുക. നീ സഹായം തേടുന്നുവെങ്കിൽ അല്ലാഹുവിനോടു തന്നെ തേടുക. നാല്, നിനക്കെന്തെങ്കിലും ഉപകാരം ചെയ്യാൻ ഒരു സമൂഹം മുഴുവൻ ഒത്തൊരുമിച്ചാലും ശരി, അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാതെ യാതൊരുപകാരവും നിനക്കുവേണ്ടി അവർക്ക് ചെയ്യാനാകില്ല. അഞ്ച്, നിനക്ക് എന്തെങ്കിലുമൊരു ദ്രോഹം ചെയ്യാൻ ഒരു സമൂഹം മുഴുവൻ ഒന്നിച്ചധ്വാനിച്ചാലും, അല്ലാഹു നിനക്കുണ്ടാകാനുദ്ദേശിച്ച വിപത്തല്ലാതെ മറ്റൊന്നും അവർക്ക് ചെയ്യാൻ സാധ്യമല്ല. ആറ്, പേനകൾ ഉയർത്തപ്പെട്ടുകഴിഞ്ഞു. പേജുകൾ ഉണങ്ങുകയും ചെയ്തു.’’ (തിർമിദി)

അല്ലാഹുവിനെ സൂക്ഷിക്കണമെന്നതു കൊണ്ട് അർഥമാക്കുന്നത്, അവന്റെ കൽപനാ നിർദ്ദേശങ്ങൾ പാലിച്ചും, വിരോധങ്ങളിൽ നിന്ന് മാറിനിന്നും ജീവിക്കുക എന്നതാണ്. തന്നെ ബാധിച്ചിരിക്കുന്ന, നിവൃത്തിക്കപ്പെടാത്ത പരീക്ഷണങ്ങളെ വിലയിരുത്തുമ്പോൾ വിശ്വാസി ആദ്യം ചിന്തിക്കേണ്ടത് ഈ രംഗത്ത് താൻ വേണ്ടത്ര കരുതലോടെ ജീവിക്കുന്നുണ്ടോ എന്നതാണ്. വിശ്വാസ കർമ്മാദികളിൽ ദൈവബോധമോ, ദൈവഭയമോ ഇല്ലാതിരിക്കുകയും, ദൈനംദിന ജീവിതത്തിൽ ദേഹേച്ഛയെ പിന്തുടരുകയും ചെയ്യുമ്പോൾ ‘അല്ലാഹു നിന്നെ കാത്തുരക്ഷിക്കുന്നതാണ്‌’, ‘അവനെ നിനക്ക് നിന്റെ മുന്നിൽ കാണാവുന്നതാണ്’ എന്നിങ്ങനെയുള്ള പടച്ചവന്റെ വാഗ്ദാനങ്ങൾ അപ്രാപ്യമായിത്തീരുമെന്നതിൽ സംശയമില്ല.

നമ്മുടെ വിശ്വാസം സുരക്ഷിതമായിരിക്കാൻ കരുതലോടെയിരിക്കുന്നത്, അല്ലാഹുവിനെ സൂക്ഷിക്കുന്നതിന്റെ ഭാഗമാണ്. ഇരുളിൽ, കറുത്ത പാറപ്പുറത്ത് ഒരു കറുത്ത ഉറുമ്പരിക്കുന്നത് എത്രകണ്ട് ഗോപ്യമാണൊ, അതിനേക്കാൾ ഗോപ്യമാണ് ശിർക്കിന്റെ വരവെന്ന് നബി തിരുമേനി(സ്വ) അരുളിയിട്ടുണ്ട്. അഥവാ നമ്മുടെ വിശ്വാസത്തിലേക്ക് ശിർക്കിന്റെ കടന്നുവരവ് തടഞ്ഞു നിർത്താൻ ജാഗ്രതയോടെയിരിക്കണം എന്നർഥം. പ്രവാചകന്മാരിൽ പലരും സ്വന്തം മക്കളോട് തങ്ങളുടെ കാലശേഷം അവർ ആരെയാണ് ആരാധിക്കുക എന്ന് ചോദിച്ചതായി ഖുർആനിൽ കാണാവുന്നതാണ്. ഒരു ഉദാഹരണം കാണുക:

‘‘എനിക്ക് ശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധിക്കുക? എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും.’’ (ബഖറ: 133)

ഒരു സമൂഹത്തെ തൗഹീദിലധിഷ്ഠിതമായി ജീവിക്കാൻ പര്യാപ്തരാക്കിയ പ്രവാചകന്മാർ പോലും അവരുടെ കാലശേഷവും, തങ്ങളുടെ പൂർണ്ണ സംരക്ഷണത്തിൽ വളർന്ന മക്കളുടെ വിശ്വാസരംഗം കലർപ്പില്ലാതെ നിലനിൽക്കാൻ ശ്രദ്ധകാണിച്ചതിൽ നമുക്ക് പാഠങ്ങളുണ്ട്.

വിശ്വാസരംഗം മലിനമാകാതിരിക്കാൻ മറ്റൊരു പ്രവാചകൻ കാണിച്ച സൂക്ഷ്മത, പടച്ച തമ്പുരാനോട് മനസ്സറിഞ്ഞ് പ്രാർഥിക്കുക എന്നതായിരുന്നു. ഖുർആനിൽ നമുക്കതിങ്ങനെ വായിക്കാം:

''ഇബ്രാഹീം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.) എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ.'' (ഇബ്രാഹീം: 35)

അല്ലാഹുവിനെ സൂക്ഷിക്കുക എന്ന് പ്രവാചകൻ(സ്വ) പഠിപ്പിക്കുമ്പോൾ ആദ്യമായി നമ്മുടെ ശ്രദ്ധയിൽ വരേണ്ടത് നമ്മുടെ വിശ്വാസം തന്നെയാകണം എന്നത്രെ ഈ വചനങ്ങളെല്ലാം പഠിപ്പിക്കുന്നത്. ഏകനായ സ്രഷ്ടാവിനെ റബ്ബായി അംഗീകരിക്കുകയും, എന്നാൽ സാധാരണ ജീവിതത്തിൽ പ്രാർഥനകളും, സഹായത്തേട്ടങ്ങളും, നേർച്ച വഴിപാടുകളും മറ്റുള്ളവരി ലാവുകയും ചെയ്യുന്നുവെങ്കിൽ പ്രസ്തുത സൂക്ഷമത നമ്മിലുണ്ടാകുന്നില്ല എന്നതാണ് വാസ്തവം. എന്നാൽ അല്ലാഹു പറയുന്നതാകട്ടെ:

''വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ.'' (അൻആം: 82)

ഈ വിശുദ്ധ വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് ഇമാം ഇബ്നു കഥീർ(റ) എഴുതി: ''അല്ലാഹുവിനു മാത്രമായി ആത്മാർഥതയോടെ ഇബാദത്ത് ചെയ്യുകയും, അവനിൽ യാതൊ ന്നിനേയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്തവരാണ് (ഈ ആയത്തിൽ പറയപ്പെട്ട) ആളു കൾ. അവർ ഖിയാമത്തു നാളിൽ നിർഭയത്വമുള്ളവരും, ദുനിയാവിലും പരലോകത്തിലും നേർമാർഗം പ്രാപിച്ചവരുമായിരിക്കും.''

വിശ്വാസകാര്യങ്ങളിലെന്ന പോലെത്തന്നെ ആരാധനാകാര്യങ്ങളിലും സൂക്ഷ്മത അനിവാ ര്യമാണ്. അല്ലാഹുവിനെ സൂക്ഷിക്കുന്നതിന്റെ ഭാഗം തന്നെയാണ് അതും. ഒരു ഉദാഹരണ മെടുക്കുക; ഏറ്റവും ശ്രേഷ്ഠമായ ആരാധനയാണ് നമസ്കാരം എന്ന് നമുക്കറിയാം. അക്കാര്യത്തിൽ കാണിക്കേണ്ട സൂക്ഷമതയെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

''നമസ്കാരങ്ങൾ നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നു കൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്.'' (ബഖറ: 238)

കണ്ണും, കാതും, നാവും, ലൈംഗികാവയവവുമെല്ലാം അല്ലാഹുവിനെ സൂക്ഷിക്കുന്നതിൽ ഭാഗവാക്കാകേണ്ടതാണ്. കാണുക, കേൾക്കുക, പറയുക തുടങ്ങിയ മുഴുവൻ കാര്യങ്ങളിലും പടച്ച തമ്പുരാന്റെ നിയമാവലികൾ പരിഗണിക്കുകയാണ്, അക്കാര്യങ്ങളിലുള്ള വിശ്വാസിയുടെ സൂക്ഷ്മത. സ്വർഗമാണ് അതിനുള്ള പ്രതിഫലമായി നമുക്ക് ലഭിക്കുക. സഹ്ൽ ബ്നു സഅദ്(റ) നിവേദനം ചെയ്ത ഹദീസ് കാണുക:

നബി(സ്വ) പറഞ്ഞു: ''രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും (അഥവാ നാവും), രണ്ട് തുടകൾ ക്കിടയിലുള്ളതും (അഥവാ ലൈംഗികാവയവവും) നിഷിദ്ധങ്ങളിലുപയോഗിക്കില്ലെന്ന് വാക്ക് നൽകുന്നതാരോ, അവന്ന് ഞാൻ സ്വർഗത്തിന് ജാമ്യം നിൽക്കുന്നതാണ്.'' (ബുഖാരി)

വിശ്വാസത്തിലും, കർമ്മങ്ങളിലും, ധാർമ്മികതകളിലും, എല്ലാം നോക്കിക്കാണുന്ന പടച്ചതമ്പു രാനെ സൂക്ഷിച്ചു കൊണ്ട് കണിശത പാലിക്കാൻ മുഅ്മിനുകൾക്കാകുന്നുവെങ്കിൽ, അല്ലാഹു വിന്റെ സംരക്ഷണം ലഭിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. അതിന് ജീവിത സൂക്ഷ്മതക്കൊപ്പം നിഷ്കളങ്കമായ പ്രാർഥനയും അവരിൽ നിന്നുണ്ടാകണം. അതുകൊണ്ടത്രെ, അല്ലാഹുവിന്റെ

സുരക്ഷ ലഭിക്കുമെന്നും, അവനെ മുന്നിൽ കാണാനാകുമെന്നും പഠിപ്പിച്ച റസൂൽ (സ്വ) അല്ലാഹുവിനോട് ചോദിക്കാനും അവനോട് സഹായാർഥന നടത്താനും ഇബ്നു അബ്ബാസി(റ)നെ ഉപദേശിക്കുന്നത്.

മേലെ വായിച്ച ഹദീസിൽ സുപ്രധാനമായ മറ്റ് രണ്ട് കാര്യങ്ങൾ കൂടിയുണ്ട്. ദുനിയാവിൽ എന്തു ചെയ്തുതരാനും ശേഷിയുള്ള സമൂഹവലയം തനിക്കുണ്ടെന്ന അഹങ്കാരവും, സമൂഹം ഒന്നടങ്കം തനിക്കെതിരെ തിരിഞ്ഞാൽ സഹായിക്കാൻ ആളില്ലാത്തവിധം താൻ നശിച്ചതു തന്നെ എന്ന നിരാശയും. എന്നാൽ, അല്ലാഹു നിശ്ചയിച്ചതല്ലാത്തതൊന്നും നന്മയിൽ നിന്ന് ചെയ്തു തരിക ആർക്കും സാധ്യമല്ല, അവൻ നിശ്ചയിച്ചതല്ലാത്തതൊന്നും ആർക്കും ഉപദ്രവമായി ചെയ്യാനുമാവുകയില്ല എന്ന വിശദീകരണത്തിലൂടെ ഈ രണ്ട് സംഗതികളേയും പ്രവാചകൻ(സ്വ) തിരുത്തുകയാണ് ചെയ്തിട്ടുള്ളത്. കയ്യിലെ ആസ്തി കണ്ടുള്ള അഹങ്കാരമൊ, ഖൽബിലെ ആദികൊണ്ടുള്ള നിരാശയൊ വിശ്വാസിയിലുണ്ടായിക്കൂടെന്നും, എല്ലാം അല്ലാഹുവിൽ സമർപ്പിക്കാനും, അവനിൽ നിന്ന് ചോദിച്ചു വാങ്ങാനുമാണ് വിശ്വാസി ശ്രമിക്കേണ്ടതെന്നും ഉണർത്തുകയാണ് ഇവിടെ.

മുസ്ലിമിനെ മുന്നോട്ടു നയിക്കുന്നതും, പ്രശ്നങ്ങളെ കരുത്തോടെ നേരിടാൻ അവനെ സന്നദ്ധമാക്കുന്നതും സ്രഷ്ടാവിലുള്ള വിശ്വാസവും, തന്നെ കാത്തുരക്ഷിക്കാൻ എന്നും അല്ലാഹു സമീപത്തുണ്ട് എന്ന ദൃഢബോധവുമാണ്. സൗർ ഗുഹയിലഭയമിരുന്ന മുഹമ്മദ് നബി(സ്വ), 'റസൂലേ, ശത്രുക്കളൊന്ന് താഴ്ന്ന് നോക്കിയാൽ നാം പിടിക്കപ്പെട്ടതു തന്നെ' എന്ന് ആവലാതിപ്പെട്ട സിദ്ധീഖി(റ)ന് നൽകിയ ഒരു ആശ്വാസ വാക്കുണ്ട്; 'മൂന്നാമനായി അല്ലാഹു കൂട്ടിനുള്ള രണ്ടാളുടെ കാര്യത്തിൽ നീ ആശങ്കിക്കരുത്' എന്ന മനംനിറക്കുന്ന വാക്ക്. സുരക്ഷിതമായി, നിർഭയം രണ്ടുപേരും മദീനയിലെത്തിയ വേളയിൽ ആ ആശ്വാസവാക്കിന്റെ അനുഭൂതി, തീർച്ചയായും, അബൂബക്കർ(റ) അനുഭവിച്ചിരിക്കണം.

മുന്നിൽ ആർത്തലക്കുന്ന കടലും പിന്നിൽ ഫിർഔനിന്റെ സജ്ജരായ സൈന്യവും ബനൂ ഇസ്രാഈല്യരെ 'ഇതാ, പിടിക്കപ്പെട്ടിരിക്കുന്നൂ' എന്ന അങ്കലാപ്പിലകപ്പെടുത്തിയപ്പോൾ, 'ഇല്ല, എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്, അവനെനിക്ക് മാർഗം കാണിച്ചു തരികതന്നെ ചെയ്യും' (ശുഅറാഅ്: 62) എന്ന ആശ്വാസവാക്കു നൽകിയത് മൂസാ നബി(അ)യാണ്. നെടുകെ പിളർന്ന കടലിന്റെ വരണ്ട പ്രതലത്തിലൂടെ നിർബാധം നടന്ന് അക്കരെ രക്ഷപ്പെട്ടെത്തിയപ്പോൾ ബനൂ ഇസ്രാഈല്യരും ആ ആശ്വാസവാക്കിന്റെ ആനന്ദം അനുഭവിച്ചു കാണണം.

അതെ, ദിനേനയെന്നോണം പരീക്ഷണങ്ങളുടെ കടൽത്തിരക്കും ശത്രുസംഘത്തിന്റെ സജ്ജീകരണത്തിനും നടുവിലാണ് മുഅ്മിൻ. 'മൂന്നാമനായി അല്ലാഹുവുണ്ട്' എന്ന പ്രവാചക (സ്വ)ന്റെ ആശ്വാസ വചനവും, 'എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്, അവനെനിക്ക് മാർഗം കാണിച്ചു തരികതന്നെ ചെയ്യും' എന്ന മൂസാ നബി(അ)യുടെ പ്രതീക്ഷാ ശബ്ദവും വിശ്വാസി കളിൽ ആത്മധൈര്യം പകർന്നു നിൽക്കണമെങ്കിൽ, അവർ അല്ലാഹുവിനെ സൂക്ഷിക്കട്ടെ. ●